(എ) 1997-98 സാമ്പത്തികവർഷം 145 ലക്ഷം രൂപയും, 1998-99-ൽ 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി)&(സി) സംസ്ഥാനതലത്തിൽ കേരംസിന്റെ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള വിപണനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, പാലക്കാട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ജില്ലാ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**20 (3473) ഗ്രാമീണോല്പന്നങ്ങളുടെ വില്പനയും ഐ.ആർ. ഡി.പി. മേളയും**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണവികസന വകുപ്പിന്റെ സഹായത്തോടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില്പനയിലൂടെ 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവ് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓണത്തോടനുബന്ധിച്ച് നടത്തിവരാറുള്ള ഐ.ആർ.ഡി.പി. മേളകൾ മറ്റ് ആഘോഷങ്ങളിലും താലൂക്ക് അടിസ്ഥാനത്തിൽകൂടി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വിപണനമേള (ഐ.ആർ.ഡി.പി.ട്രെയ്ഡ് ഫെയർ)യിലെ വിറ്റുവരവ് ജില്ലതിരിച്ച് താഴെ പറയുന്നു.

| ജില്ല | 1996 | 1997 | 1998 |
|---|---|---|---|
| | | (തുക ലക്ഷത്തിൽ) | |
| തിരുവനന്തപുപം | 12.82 | 15.38 | 16.88 |
| കൊല്ലം | 8.69 | 7.47 | 9.01 |
| പത്തനംതിട്ട | 2.37 | 2.69 | 3.22 |
| ആലപ്പുഴ | 8.38 | 4.90 | 8.23 |
| കോട്ടയം | 7.04 | 10.54 | 11.41 |
| ഇടുക്കി | 4.70 | 3.97 | 3.87 |
| എറണാകുളം | 26.10 | 32.37 | 27.41 |
| തൃശ്ശൂർ | 15.23 | 16.89 | 17.03 |
| മലപ്പുറം | 8.53 | 9.08 | 10.38 |
| പാലക്കാട് | 11.69 | 12.90 | 13.54 |
| കോഴിക്കോട് | 20.60 | 22.77 | 21.42 |
| കണ്ണൂർ | 9.47 | 9.24 | 10.57 |
| കാസർഗോഡ് | 0.61 | 0.27 | 3.05 |
| വയനാട് | 1.68 | 1.71 | 2.28 |
| ആകെ | 137.91 | 150.18 | 158.30 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓണത്തോടനുബന്ധിച്ച് നടത്തുന്ന ഐ.ആർ.ഡി.പി. മേളകൾ ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. പ്രാദേശിക ഉൽസവങ്ങളിലും അതാത് ഡി.ആർ.ഡി.എ. യുടെ ആഭിമുഖ്യത്തിൽ മേളകൾ സംഘടിപ്പിക്കാറുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ മേളകൾ സംഘടിപ്പിക്കാൻ തൽക്കാലം ഉദ്ദേശമില്ല.

**21 (3474) അഞ്ചൽ ബ്ലോക്കിലെ റോഡുകൾ**

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട എത്ര റോഡുകളുടെ പണി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതൊക്കെ റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചൽ ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്. 113 ൽ ഒരു റോഡും ആർ.ഐ.ഡി.എഫ്-ൽ നാലു റോഡുകളും നബാർഡു സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർ.ഐ.ഡി.എഫ്- 111 ൽ കയ്പ്പള്ളി അസുരമംഗലം റോഡ്- 18.58 ലക്ഷം രൂപ. ആർ.ഐ.ഡി.എഫ് – 4 ൽ

| | | |
|---|---|---|
| 1. | കണ്ണംകോട് പൂമയം കമരനല്ലൂർ കാഞ്ഞിരംകുഴി റോഡ് | 20.90 ലക്ഷം രൂപ |
| 2. | തടിക്കാട് കൊക്കാട് പറങ്കിമാം മുകൾ പ്ലാമൂട് വരെ | 14 ലക്ഷം രൂപ |
| 3. | വയക്കൽ ഒഴുകുപാറ റോഡ് | 13 ലക്ഷം രൂപ |
| 4. | ആലംചേരി പാണയം റോഡ് | 11.65 ലക്ഷം രൂപ |

**22 (3475) ഡാലി പാലത്തിന്റെ നിർമ്മാണം**

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട കുളത്തൂപ്പുഴ പഞ്ചായത്തിലെ ഡാലി പാലത്തിന്റെ പണി ആരംഭിച്ചത് എന്നാണ്;

(ബി) ഏത് സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്നത്;

(സി) ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) ഈ പാലത്തിന്റെ നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കുവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പാലത്തിന്റെ പണി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly